ഖുത്ബ നമ്പർ

**38**

**20-09-2013**

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

# ജുമുഅ ഖുത്വ്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ**

ഹ:മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു. "ഓരോരുത്തരും അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. അല്ലാഹുവിനോടുള്ള ഭയം വളരെയധികം നന്മകൾ സ്വായത്തമാക്കാനുള്ള അവസരം അവന് നൽകുന്നതാണ്." പറയുന്നു: നല്ലവനും സാത്വികനുമായ വ്യക്തി അല്ലാഹുവിന്റെ പരിശോധനയിൽ നല്ലവനും സാത്വികനുമായിത്തീരുന്നവനാണ്. പലരും ആത്മവഞ്ചനയിൽ അകപ്പെടുന്നു. തങ്ങൾ മുത്തഖിയാണെന്ന് അവർ കരുതുകയും ചെയ്യുന്നു. എന്നാൽ അല്ലാഹുവിന്റെ സവിധത്തിൽ മുത്തഖി ആകുന്നവരാണ് യഥാർത്ഥ ഭയഭക്തർ." ഇത് വളരെ സുപ്രധാനമായ ഉപദേശങ്ങളാണ്. ഇത് നമ്മുടെ മുമ്പിൽ ഉണ്ടെങ്കിൽ അല്ലാഹുവിനോടുള്ള കടമകളും അതർഹിക്കുന്ന മുറപ്രകാരം നമുക്ക് നിർവ്വഹിക്കാൻ സാധിക്കുന്നതാണ്. ആരോടൊപ്പം അവന്റെ സൃഷ്ടികളോടുള്ള കടപ്പാടുകളും അതർഹിക്കും വിധം നിറവേറ്റുന്നവരായിത്തീരുന്നതാണ്. എന്നാൽ നാം നന്മ പ്രവർത്തിക്കുന്നവരും അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നവരുമാണെന്ന് സ്വയം ധരിച്ചു വെച്ചിട്ടുണ്ടെങ്കിൽ, അതോടൊപ്പം ഈ പ്രവർത്തനങ്ങളിൽ ഏതെങ്കിലും രീതിയിലുള്ള പ്രകടനാത്മകത കലർന്നിട്ടുണ്ടെങ്കിൽ, ആരാധന ചെയ്യുന്നുണ്ടെങ്കിലും സൃഷ്ടികളോടുള്ള കടമകൾ നാം നിറവേറ്റുന്നില്ലെങ്കിൽ അങ്ങനെയുള്ള ഇബാദത്തുകളും അല്ലാഹുവിന്റെ സവിധത്തിൽ സ്വീകാര്യയോഗ്യമായ ആരാധനകളായിരിക്കുകയില്ല. അത് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതായിരിക്കില്ല. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക എന്നതാണ് ആരാധനയുടെ യഥാർഥ ലക്ഷ്യം.

ഇപ്പോൾ ഞാൻ ഹദ്റത് നബി (സ) തിരുമേനി ഹദ്റത് മുആദ് (റ) നോടു ചെയ്ത ഒരു വസിയ്യത്ത് ഉൾക്കൊള്ളുന്ന ദീർഘമായ ഒരു നിവേദനം കേൾപ്പിക്കുകയാണ്.

തിരുനബി (സ) ഒരു ദിവസം ഹ : മുആദിനോട് പറഞ്ഞു.

يامعاذ انى محدثك بحديث ان انت حفظته نفعك۔

മുആദേ, ഞാൻ നിന്നോടു ഒരു കാര്യം പറയുകയാണ്. അത് നീ ഓർമ വെച്ചാൽ നിനക്ക് ഫലം ചെയ്യും. നീ അതു മറന്നുകളഞ്ഞാൽ അല്ലാഹുവിന്റെ അനുഗ്രഹം നിനക്ക് കരസ്ഥമാക്കാൻ സാധിക്കുകയില്ല. മോക്ഷം പ്രാപിക്കുന്നതിനായി തൃപ്തികരമായ ഒരു തെളിവും നിന്റെയടുക്കൽ അവശേഷിക്കുകയുമില്ല.

മുആദ്: അല്ലാഹു ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുന്നതിനു മുമ്പേ കാവൽക്കാരായ ഏഴു മലക്കുകളെ സൃഷ്ടിച്ചു. ആത്മീയ പദവികൾ കരസ്ഥമാക്കാൻ ഏഴ് പടവുകളാണുള്ളത്. അതനുസരിച്ച് മനുഷ്യൻ അവിടെ എത്തുന്നു. മലക്കുകളെ ഓരോ ആകാശത്തിന്റെയും കാവൽക്കാരായി നിയമിച്ചിരിക്കുന്നു. തങ്ങളുടെ സ്ഥാനത്ത് നിൽക്കുകയും അല്ലാഹുവിന്റെ അനുമതിയുള്ള ആളുകളുടെ കർമ്മങ്ങൾ അതുവഴി മുന്നോട്ടു കൊണ്ടു പോകാനനുവദിക്കുകയുമായിരുന്നു അവരുടെ ജോലി. തിരുനബി(സ) പറഞ്ഞു. മനുഷ്യന്റെ കർമ്മങ്ങൾ സൂക്ഷികുകയും നിത്യേനയുള്ള പ്രവർത്തനങ്ങൾ എഴുതി വയ്ക്കുകയും ചെയ്യുന്ന മലക്കുകൾ, അല്ലാഹുവിന്റെ ഒരു ദാസൻ രാവിലെ മുതൽ വൈകുന്നേരം വരെ ചെയ്ത കർമ്മങ്ങളുമായി ആകാശത്തേക്കുയർന്നു. ആ കർമ്മങ്ങൾ പരിശുദ്ധമാണെന്നും ആ മലക്കുകൾ കരുതിയിരുന്നു. അത് വളരെയധികമുണ്ടെന്നും ആ മലക്കുകൾ ധരിച്ചു. അവർ ഒന്നാം ആകാശത്തെത്തി. അവിടെ കാവൽ നിൽക്കുന്ന മലക്കിനോടു പറഞ്ഞു: അല്ലാഹുവിന്റെ സന്നിധിയിൽ അവന്റെ ഒരു ദാസന്റെ കർമ്മങ്ങൾ സമർപ്പിക്കാനാണ് ഞങ്ങൾ വന്നിട്ടുള്ളത്. അത് വളരെ പരിശുദ്ധമാണ്. അപ്പോൾ കാവൽക്കാരനായ മലക്കു പറഞ്ഞു: നിൽക്കൂ! നിങ്ങൾക്ക് മുന്നോട്ട് പോകാൻ അനുവാദമില്ല. നിങ്ങൾ മടങ്ങിപ്പോകുക. ഈ കർമ്മങ്ങൾ കൊണ്ടുപോയി ഇതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുക. പരദൂഷണം പറയുന്നവന്റെ കർമ്മങ്ങൾ ഇതുവഴി മുന്നോട്ടു കൊണ്ടുപോകാനനുവദിക്കരുതെന്ന നിർദ്ദേശത്തോടെയാണ് അല്ലാഹു എന്നെ ഇവിടെ നിർത്തിയിരിക്കുന്നത്. നിങ്ങൾ ഏതൊരുത്തന്റെ കർമ്മങ്ങളുമായിട്ടാണോ അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കാനായി വന്നിട്ടുള്ളത് അവൻ സദാ പരദൂഷണം പറയുന്നവനാകുന്നു. ജനങ്ങൾ ഇല്ലാത്തപ്പോൾ അവരുടെ കുറ്റങ്ങൾ പറയുന്നു.

തിരുനബി(സ) പറഞ്ഞു: മറ്റൊരു ദാസന്റെ കർമ്മങ്ങളുമായി വേറെ ചില മലക്കുകൾ ആകശത്തേക്കുയർന്നു. ഈ കർമ്മങ്ങൾ വളരെ ശുദ്ധമാണ്, ഇയാൾ ഇത് ധാരാളമായി അനുഷ്ടിക്കുകയും ചെയ്തു, എന്നൊക്കെ അവർ അന്യോന്യം പറഞ്ഞു കൊണ്ടിരുന്നു. അവയിൽ പരദൂഷണത്തിന്റെ കലർപ്പില്ലായിരുന്നു. അതുകൊണ്ട് തന്നെ ഒന്നാം ആകാശത്തിന്റെ കാവൽക്കാരൻ അവരെ കടന്നു പോകാൻ അനുവദിച്ചു. പക്ഷേ അവർ രണ്ടാനാകാശത്തെത്തിയപ്പോൾ അവിടെ കാവൽ നിന്നിരുന്ന മലക്ക് അവരെ വിളിച്ചു. അദ്ദേഹം പറഞ്ഞു: നിൽക്കൂ! തിരിച്ചു പോവൂ. ഈ കർമ്മങ്ങൾ കൊണ്ടുപോയി അവയുടെ ഉടമസ്ഥന്റെ മുഖത്തെറിയുക. ഞാൻ ദുരഭിമാനത്തിന്റെയും ആത്മ പ്രശംസയുടെയും കാര്യങ്ങൾ നോക്കുന്ന മലക്കാകുന്നു. ദുരഭിമാനവും ആത്മപ്രശംസയും കലർന്ന കർമ്മങ്ങൾ ഇതുവഴി മുന്നോട്ടു പോകാതിരിക്കാ

നാണ് ഞാനിവിടെ നിയോഗിതനായിട്ടുള്ളത്. ഈ കർമ്മങ്ങളുടെ ഉടമസ്ഥൻ ജനങ്ങളുടെ സദസ്സിലിരുന്ന് തന്റെ നന്മകൾ എടുത്ത് പറഞ്ഞിരുന്നു. ജനങ്ങളുടെ ഇടയിൽ ദുരഭിമാനവും ആത്മപ്രശംസയും ചെയ്തിരുന്ന വ്യക്തിയുടെ പ്രവർത്തനങ്ങളാണ് നിങ്ങൾ കൊണ്ടുവന്നത്.

നബിതിരുമേനി (സ) പറഞ്ഞു: മലക്കുകളുടെ ഒരു കൂട്ടം വേറൊരാളുടെ കർമ്മങ്ങളുമായി ആകാശത്തേക്കുയർന്നു. ആ മലക്കുകളുടെ ദൃഷ്ടിയിൽ അയാളുടെ കർമ്മങ്ങൾ പ്രകാശപൂരിതമായിരുന്നു.(പ്രശോഭിതമായ കർമ്മങ്ങളായിരുന്നു അത്). ആ കർമ്മങ്ങളിൽ ദാന ധർമ്മങ്ങളും അടങ്ങിയിട്ടുണ്ട്. നോമ്പും നമസ്കാരവും അതിലുണ്ടായിരുന്നു. തന്റെ നാഥനായ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ആ ദാസൻ ചെയ്ത കഠിനപ്രയത്നം കണ്ട് ആ മലക്കുകൾ അത്ഭുതപ്പെട്ടു. ആ കർമ്മങ്ങളിൽ പരദൂഷണത്തിന്റെയോ ആത്മപ്രശംസയുടേയോ ദുരഭിമാനത്തിന്റെയോ കലർപ്പുണ്ടായിരുന്നില്ല. തന്നിമിത്തം ഒന്നും രണ്ടും ആകാശങ്ങളിലെ മലക്കുകൾ കടന്നു പോകാൻ അവരെ അനുവദിച്ചു. എന്നാൽ മൂന്നാം ആകാശത്തിന്റെ പ്രവേശന കവാടത്തിൽ ചെന്നപ്പോൾ അവിടെ കാവൽ നിൽക്കുന്ന മലക്ക് പറഞ്ഞു. നിൽക്കൂ!

اضربوا بهذا العمل وجه صاحبه ഈ കർമ്മങ്ങളുടെ ഉടമസ്ഥന്റെ അടുത്തേക്ക് മടങ്ങിച്ചെല്ലുക. അവ അയാളുടെ മുഖത്തെറിയുക. അഹങ്കാരത്തിന്റെ കാര്യങ്ങൾ നോക്കുന്ന മലക്കാണ് ഞാൻ. അഹങ്കാരത്തിന്റെ അംശം കലർന്നിട്ടുള്ള ഒരു കർമ്മവും ഇതു വഴി കടന്നു പോകാനനുവദിക്കരുതെന്ന നിർദ്ദേശത്തോ ടെയാണ് എന്നെ നിർത്തിയിരിക്കുന്നത്. ഈ കർമ്മങ്ങളുടെ ഉടമസ്ഥൻ മഹാ അഹങ്കാരിയാണ്. എല്ലാം താൻ തന്നെയെന്ന് അയാൾ കരുതി മറ്റുള്ളവരെ അയാൾ നിസ്സാരരായി കണ്ടു. അവരോട് അഹങ്കാരത്തോടും ഗർവ്വോടും കൂടി പെരുമാറി. സദസ്സുകളിൽ താൻ വലിയവനെന്നു തോന്നും വിധം തന്നെ പ്രകടിപ്പിച്ചു. അയാളുടെ കർമ്മങ്ങൾ നിങ്ങളുടെ ദൃഷ്ടിയിൽ നല്ലതാണെന്നു തോന്നുന്നുവെങ്കിലും അത് അല്ലാഹുവിന്റെയടുക്കൽ സ്വീകാര്യമല്ല.

നബി(സ) തിരുമേനി പറഞ്ഞു: മലക്കുകളുടെ നാലാമത്തെ സംഘം പിന്നൊരാളുടെ കർമ്മങ്ങളുമായി ആകാശത്തേക്കുയർന്നു. ആ കർമ്മങ്ങൾ മലക്കുകൾക്ക് كوكب دري തിളക്കമാർന്ന വലിയ നക്ഷത്രം പോലെ ഭംഗിയുള്ളതായി തോന്നി. അതിൽ നമസ്കാരവും തസ്ബീഹും ഹജ്ജും ഉംറയുമെല്ലാമുണ്ടായിരുന്നു. ആകാശങ്ങളും കവാടങ്ങളും കടന്ന് അവർ നാലാനാകാശത്തിന്റെ കവാടത്തിലെത്തി. അപ്പോൾ അവിടെ നിൽക്കുന്ന മലക്ക് പറഞ്ഞു: നിൽക്കൂ! ഈ കർമ്മങ്ങളുമായി ഇതിന്റെ ഉടമസ്ഥന്റെ അടുത്തേക്ക് തന്നെ ചെല്ലുക. അത് അവന്റെ മുഖത്തെറിയുക. ഞാൻ തന്നിഷ്ടക്കാരന്റെ കാര്യങ്ങൾ നോക്കുന്ന മലക്കാകുന്നു. തന്നിഷ്ടം പ്രവർത്തിക്കുന്നതാരാണോ, തന്റെ പ്രവർത്തി മുഖേന തന്നെ അല്ലാഹുവിനു പങ്കാളിയായി കരുതുന്നവനും തന്നിഷ്ടക്കാരനും അല്ലാഹുവിന്റെ ദാസനാണെന്ന ചിന്ത ഇല്ലാതിരിക്കുകയും ചെയ്യുന്ന വ്യക്തിയുടെ കർമ്മങ്ങൾ ഈ നാലാം ആകാശത്തിന്റെ കവാടത്തിലൂടെ കടന്നു പോകാൻ വിടരുതെന്ന് എന്റെ നാഥൻ എന്നോട് കൽപ്പിച്ചിരിക്കുന്നു. ഈ വ്യക്തിയുടെ എല്ലാ പ്രവൃത്തിയിലും തന്നിഷ്ടം പ്രകടമായിരുന്നു അയാളുടെ കർമ്മങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ സ്വീകാര്യമല്ല.

റസൂൽ തിരുമേനി(സ) പറഞ്ഞു: മലക്കുകളുടെ അഞ്ചാമതൊരു വിഭാഗം മറ്റൊരാളുടെ കർമ്മങ്ങളുമായി ആകാശത്തേക്കുയർന്നു. ആ കർമ്മങ്ങളെ കുറിച്ച് മലക്കുകൾ ധരിച്ചത് كانه العروس المصفوفة الى اهلها വിവാഹരാത്രിയിൽ സർവാലങ്കാരങ്ങളോടെ അണിഞ്ഞൊരുങ്ങിയ മണവാളന്റെ മണിയറയിലേക്ക് പൂമണം ചൊരിഞ്ഞ് വന്നെത്തിയ ഒരു മണവാട്ടിയെ പോലെയാണ്. എന്നാൽ നാലാകാശവും കടന്ന് അഞ്ചാമാകാശത്തെത്തിയപ്പോൾ അവിടെ കാവൽ നിന്ന മലക്കു പറഞ്ഞു: നിൽക്കൂ! ഈ കർമ്മങ്ങൾ തിരിച്ചു കൊണ്ടുപോയി ഇതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുക. ഇതു സ്വീകരിക്കാൻ നിന്റെ ദൈവം തയ്യാറല്ലെന്നു അയാളോട് പറയുക. ഞാൻ അസൂയയുടെ കാര്യങ്ങൾ നോക്കുന്ന മലക്കാകുന്നു. അസൂയ കലർന്ന കർമ്മങ്ങൾ ഈ അഞ്ചാം ആകാശവാതിലിലൂടെ കടന്നു പോകാൻ അനുവദിക്കരുതെന്ന് എന്റെ രക്ഷിതാവ് എന്നോടു ആജ്ഞാപിച്ചിരിക്കുന്നു. ഈ വ്യക്തി അറിവു സമ്പാദിക്കുന്നവരോടും സൽക്കർമ്മങ്ങളനുഷ്ടിക്കുന്നവരോടും അസൂയപ്പെട്ടിരുന്നു. ഇയാളുടെ കർമ്മങ്ങൾ ഇതു വഴി കൊണ്ടുപോകാൻ ഞാൻ അനുവദിക്കുകയില്ല. (ഏതെങ്കിലും ആലിമിനെ കണ്ടാൽ, നല്ലതു ചെയ്യുന്ന വല്ലവരെയും കണ്ടാൽ, അസൂയപ്പെട്ടിരുന്നു. അതിനാൽ ഇതു വഴി കൊണ്ടുപോകുന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല.)

നബി തിരുമേനി (സ) പറഞ്ഞു: മലക്കുകളുടെ ആറാമതൊരു സംഘം അടുത്തൊരാളുടെ കർമ്മങ്ങളുമായി ആകാശത്തെത്തി. ആ കർമ്മങ്ങളിൽ നോമ്പും നമസ്കാരവും സക്കാത്തും ഹജ്ജും ഉംറയുമൊക്കെയുണ്ടായിരുന്നു. ഇവയെല്ലാം അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകാര്യമാകുമെന്നാണ് മലക്കുകൾ കരുതിയത്. പക്ഷേ ആറാമത്തെ ആകാശത്തെത്തിയപ്പോൾ അവിടെ കാവൽ നിൽക്കുന്ന മലക്ക് പറഞ്ഞു: നിൽക്കൂ!

മുന്നോട്ട് പോകരുത്. انه كان لا يرحم انسانا من عباد الله അല്ലാഹുവിന്റെ ദാസന്മാരോട് ഒരിക്കലും കരുണ കാണിക്കാത്തയാളാണ് ഈ വ്യക്തി. കരുണ കാണിക്കാത്തവരുടെ കർമ്മങ്ങൾ ഈ വാതിലിലൂടെ വിടാതിരിക്കാനാണ് എന്നെ നിയോഗിച്ചിട്ടുള്ളത്. നിങ്ങൾ മടങ്ങിപോയ്ക്കൊള്ളുക. അല്ലാഹുവിന്റെ ദാസന്മാരോട് കരുണ കാണിക്കുന്നതിനു പകരം അവരോട് അക്രമം പ്രവർത്തിക്കുകയായിരുന്നു നീ ചെയ്തതെന്ന് പറഞ്ഞ് ഈ കർമ്മങ്ങൾ അതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുകയും അങ്ങനെയുള്ള നിനക്ക് കാരുണ്യം ചെയ്ത് നിന്റെ കർമ്മങ്ങൾ അല്ലാഹു എങ്ങനെ സ്വീകരിക്കാനാണെന്ന് അവനോടു ചോദിക്കുകയും ചെയ്യുക.

നബി തിരുമേനി (സ) പറഞ്ഞു. മറ്റു ചില മലക്കുകൾ ഒരു ദാസന്റെ കർമ്മങ്ങളുമായി ആകാശത്തിനുശേഷം ആകാശവും കവാടങ്ങൾക്കു ശേഷം കവാടവും പിന്നിട്ട് ഏഴാം ആകാശത്തെത്തി. നമസ്കാരവും നോമ്പും ഇസ്ലാമിക കർമ്മശാസ്ത്രവും അവയിലടങ്ങിയിരുന്നു. സൂക്ഷ്മതയും ഉണ്ടായിരുന്നു. لها دوي كدوي النحل وضوء كضوء الشمس തേനീച്ച

യുടെ മൂളൽ പോലുള്ള ശബ്ദം ആ കർമ്മങ്ങളിൽ നിന്ന് കേൾക്കാമായിരുന്നു. മലക്കുകൾ അയാളുടെ കർമ്മങ്ങളെ പറ്റി അഭിമാനത്തോടെ അന്യോന്യം സംഭാഷണം ചെയ്യുന്നതായിരുന്നു ആ ശബ്ദം. അതായത്, നാം അത്യുത്തമകർമ്മങ്ങളാണ് അല്ലാഹുവിന്റെ സന്നിധിയിൽ സമർപ്പിക്കാൻ കൊണ്ടുപോകുന്നത്. ഈ കർമ്മങ്ങൾ സൂര്യപ്രകാശം പോലെ തിളങ്ങുന്നുണ്ട് എന്നൊക്കെ പറഞ്ഞ് അവർ മുന്നോട്ട് പോകുകയാണ്. അതിനോടൊപ്പം മൂവായിരം മലക്കുകൾ ഉണ്ടായിരുന്നു. അത് വളരെ ഭാരമേറിയതായിരുന്നു. എത്രത്തോളമെന്നാൽ മൂവായിരം മലക്കുകളാണ് അവ ചുമന്നിരുന്നത്. അവർ ഏഴാം ആകാശത്തിന്റെ വാതിൽക്കലെത്തി. അപ്പോൾ അവിടെ കാവൽ നിന്ന മലക്ക് അവരോടു പറഞ്ഞു: നിൽക്കൂ! നിങ്ങൾക്ക് മുന്നോട്ടു പോകാനാവുകയില്ല. നിങ്ങൾ തിരിച്ചു പോവുക. ഈ കർമ്മങ്ങൾ ഇതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുക. അവന്റെ ഹൃദയം പൂട്ടിട്ടടക്കുക. കാരണം അല്ലാഹുവിന്റെ തൃപ്തിമാത്രം കാംക്ഷിച്ചുകൊണ്ടുള്ള നിഷ്കളങ്കമായ കർമ്മങ്ങളല്ലാതെ ഇതു വഴി കടത്തിവിടരുതെന്ന് എനിക്ക് കൽപന ലഭിച്ചിരിക്കുന്നു. അല്ലാഹു അല്ലാത്തവർക്കു വേണ്ടിയാണ് അയാൾ ഈ കർമ്മങ്ങളെല്ലാം ചെയ്തിട്ടുള്ളത്. ഈ വ്യക്തി കർമ്മശാസ്ത്ര പണ്ഡിതൻമാരുടെ സദസ്സിലിരുന്ന് പൊങ്ങച്ചത്തോടെ കഴുത്തുയർത്തി തന്റെ പാണ്ഡിത്യത്തെ പറ്റിയും ഗവേഷണ പാടവത്തെ പറ്റിയും വീമ്പിളക്കുമായിരുന്നു. അതു മൂലം തന്റേതായ ഉന്നത പദവിയും മഹത്വവും വെളിപ്പെടുത്തുകയാണ് അയാളുടെ ലക്ഷ്യം. അല്ലാഹുവിന്റെ തൃപ്തിക്കു വേണ്ടിയല്ല അയാൾ ഈ കർമ്മങ്ങൾ ചെയ്തത്. പ്രത്യുത പ്രകടനത്തിനു വേണ്ടിയായിരുന്നു. "*വ ദിക്റൻ ഇൻദൽ ഉലമാഇ വസ്വീത്തൻ ഫിൽ മദാഇനി*" ഈ ലോകത്ത് ഒരു മഹാത്മാവായി അറിയപ്പെടണമെന്നും ആലീംകളുടെ ഇടയിൽ താനൊരു ചർച്ചാ വിഷയമാകണമെന്നും അയാൾ ആഗ്രഹിച്ചു.

അല്ലാഹുവിനു വേണ്ടി പ്രത്യേകപ്പെടുത്തിയിട്ടില്ലാത്തതും, ഭൗതികത കലർന്നിട്ടുള്ളതുമായ ആ കർമ്മങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടുകയില്ല. അങ്ങനെയുള്ള കർമ്മങ്ങൾ മുന്നോട്ടു കൊണ്ടുപോകാനനുവദിക്കരുതെന്ന് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തിരിച്ച് ചെന്ന് ഈ കർമ്മങ്ങൾ ഇതിന്റെ ഉടമസ്ഥന്റെ മുഖത്തെറിയുക. നബി തിരുമേനി (സ) പറഞ്ഞു. വേറെ ചില മലക്കുകൾ പിന്നൊരാളുടെ കർമ്മങ്ങളുമായി ആകാശങ്ങളിലേക്കുയർന്നു. ഏഴ് ആകാശങ്ങളുടേയും കാവൽകാരായ മലക്കുകൾ അവരെ പോകാനനുവദിച്ചു. ആ കർമ്മങ്ങളോട് മലക്കുകൾക്ക് അവമതിപ്പൊന്നുമുണ്ടായിരുന്നില്ല. കാവൽക്കാരായ ഓരോ മലക്കും പറഞ്ഞത് ഈ കർമ്മം ശരിയാണെന്നാണ്. ബാഹ്യമായ ഒരു ന്യൂനതയും അതിൽ ഉണ്ടായിരുന്നില്ല. ആ കർമ്മങ്ങളിൽ സകാത്തും നോമ്പും നമസ്കാരവും ഹജ്ജും ഉംറയും സൽസ്വഭാവവും ദൈവസ്മരണയുമുണ്ടായിരുന്നു. അവ അല്ലാഹുവിന്റെ തിരുമുമ്പിൽ സമർപ്പിക്കാനായി മലക്കുകൾ മുന്നോട്ട് നീങ്ങി. ആകാശങ്ങളിലെ മലക്കുകളും അവരോടൊപ്പം ചേർന്നു. കവാടങ്ങളെല്ലാം പിന്നിട്ട് അവർ, അല്ലാഹുവിന്റെ തിരുസന്നിധിയിലെത്തി. ആ മലക്കുകൾ അല്ലാഹുവിന്റെ സവിധത്തിൽ ഇപ്രകാരം ബോധിപ്പിച്ചു. "ഞങ്ങളുടെ നാഥാ, നിന്റെ ഈ ദാസൻ എപ്പോഴും നിന്റെ ആരാധനയിൽ മുഴുകിയിരിക്കുന്നു. അദ്ദേഹം വലിയ സൽക്കർമ്മിയാണ്. അദ്ദേഹത്തിന്റെ സദ്പ്രവൃത്തിയെ കുറിച്ചും ആത്മാർത്ഥതയെ കുറിച്ചും ഞങ്ങൾ സാക്ഷ്യം നൽകുന്നു. തന്റെ വിലപ്പെട്ട സമയം മുഴുവനും നിന്റെ അനുസരണത്തിൽ ചെലവഴിക്കുന്നു. അദ്ദേഹം വളരെ ആത്മാർത്ഥതയുള്ള ദാസനാണ്. അദ്ദേഹത്തിൽ ന്യൂനതകളൊന്നും തന്നെയില്ല" ചുരുക്കിപ്പറഞ്ഞാൽ, അവർ അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിച്ചു. അല്ലാഹു പറഞ്ഞു: انتم الحفظة على عمل عبدى "കർമ്മങ്ങളെഴുതി ഭദ്രമായി സൂക്ഷിക്കുന്നതിനു വേണ്ടിയാണ് ഞാൻ നിങ്ങളെ നിയോഗിച്ചിട്ടുള്ളത്. മനുഷ്യന്റെ പ്രത്യക്ഷമായ കാര്യങ്ങൾ കാണുകയും അവ നിങ്ങൾ എഴുതി വെക്കുകയും ചെയ്യുന്നു. '*വ അനർ റഖീബു അലാ ഖൽബിഹീ*' ഞാനവന്റെ ഹൃദയത്തെ കാണുന്നു. ഈ കർമ്മങ്ങൾകൊണ്ട് അവൻ എന്റെ തൃപ്തിയല്ല കാംക്ഷിച്ചത്. യഥാർത്ഥത്തിൽ അയാളുടെ ഉദ്ദേശ്യവും ലക്ഷ്യവും മറ്റൊന്നായിരുന്നു. എനിക്കു പുറമേ മറ്റാരെയോ സംതൃപ്തനാക്കാൻ അയാൾ ആഗ്രഹിച്ചു. '*ഫ അല യ്ഹി ലഅ്നത്തീ*' അയാളുടെ മേൽ എന്റെ ശാപമുണ്ട്." അപ്പോൾ എല്ലാ മലക്കുകളും വിളിച്ചു പറയും عليه لعنتك ولعنتنا ഞങ്ങളുടെ നാഥാ, അയാളുടെ മേൽ നിന്റെയും ഞങ്ങളുടേയും ശാപമുണ്ടാവട്ടെ. അയാളുടെമേൽ ഏഴാകാശങ്ങളും അതിലുള്ള മുഴുവൻ സൃഷ്ടിജാലങ്ങളും ശാപം ചൊരിയാൻ തുടങ്ങും.

ഹദ്റത് മുആദ് (റ) നബി (സ) യുടെ ഈ വസിയ്യത്ത് കേട്ടപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം വിറകൊണ്ടു. അദ്ദേഹം ചോദിച്ചു. അല്ലാഹുവിന്റെ ദൂതരെ,

كيف بنجاتي والخلوص ഞങ്ങളുടെ കർമ്മങ്ങളുടെ അവസ്ഥ ഇതാണെങ്കിൽ, എനിക്ക് എങ്ങനെയാണ് മോക്ഷം ലഭിക്കുക. എന്റെ നാഥന്റെ കോപത്തിൽ നിന്നും ഞാനെങ്ങനെ രക്ഷപ്പെടും. അവിടുന്ന് പറഞ്ഞു. '*ഇഖ്തദീബി*' നീ എന്റെ സുന്നത്തനുസരിച്ച് പ്രവർത്തിക്കുക. അല്ലാഹുവിന്റെ ദാസൻ എത്ര നല്ല പ്രവൃത്തി ചെയ്താലും അതിൽ ചില വീഴ്ച്ചകൾ ഉണ്ടാകുമെന്ന് വിശ്വസിക്കുക. അതിനാൽ നീ നിന്റെ കർമ്മങ്ങളിൽ ഊറ്റം കൊള്ളരുത്. രക്ഷിതാവായ അല്ലാഹു തന്റെ ദാസന്റെ പ്രവൃത്തികളിലുള്ള ന്യൂനതകളെ മാപ്പു ചെയ്യുന്നവനാണെന്ന് ഉറച്ചു വിശ്വസിക്കുകയാണ് വേണ്ടത്. '*വഹ്ഫിള് അലാ ലിസാനിക്ക*' നിന്റെ നാവിനെ നീ നിയന്ത്രിക്കുക. ആരേയും അതു മുഖേന വിഷമിപ്പിക്കരുത്. തെറ്റായ കാര്യങ്ങൾ നിന്റെ നാവിലൂടെ പുറത്ത് വരരുത്.

ولا تزكى نفسك عليهم നീ സ്വയം മറ്റുള്ളവരേക്കാൾ ഭക്തനും സാത്വികനുമാണെന്ന് മനസ്സിലാക്കാതിരിക്കുക. നിന്റെ മേന്മയെ നീ വിളംബരം ചെയ്യരുത്. '*വലാ തുദ്ഖിൽ അമലദ്ദുൻയാ ബി അമലിൽ ആഖിറത്തി*' അല്ലാഹുവിന്റെ പ്രീതിയാർജ്ജിക്കുന്നതിനു പരലോകജീവിതം ഗുണകരമാകുന്നതിനുമായി നീ ചെയ്യുന്ന പ്രവർത്തികളിൽ ഭൗതികത കൂട്ടി കലർത്താതിരിക്കുക. ولا تمزك الناس تمزكك كلاب الناس ജനങ്ങളിൽ കുഴപ്പവും ലഹളയും ഉണ്ടാക്കുന്നതിനും അവരെ ഭിന്നിപ്പിക്കുന്നതിനും ശ്രമിക്കരുത്. അങ്ങനെ നീ ചെയ്താൽ പുനരുദ്ധാനനാളിൽ നരകത്തിലെ നായ നിന്നെ കടിച്ചു കീറുന്ന

താണ്. ولا تراء عملك الناس ജനങ്ങളുടെ മുന്നിൽ അവരെ കാണിക്കാനായി നീ ഒന്നും പ്രവർത്തിക്കാതിരിക്കുക. ഇത് ചെയ്താൽ അല്ലാഹുവിന്റെ ഫള്‌ലും നിന്നിൽ വർഷിക്കുന്നതാണ്.

യഥാർത്ഥ നന്മ ചെയ്യാനുള്ള അവസരം നമുക്ക് ലഭിക്കുന്നത്, സ്വീകാര്യയോഗ്യമായ പ്രവർത്തി ചെയ്യാൻ നമുക്ക് സാധിക്കുന്നത് തിരുനബി(സ) യുടെ ഉദാത്ത മാതൃക നമ്മുടെ മുമ്പിൽ ഉണ്ടാകുമ്പോഴാണ്. വിജയങ്ങളുടെ സുവാർത്തകൾ തിരുനബിക്ക് ലഭിച്ചിട്ടും വേദനയോടു കൂടി തന്റെയും തന്റെ ജമാഅത്തിന്റെയും ബലഹീനതകളെ മുമ്പിൽ കണ്ടു കൊണ്ട് അദ്ദേഹം പ്രാർത്ഥനാ നിരതനാകാറുണ്ടായിരുന്നു. തിരുനബി (സ) യുടെ ദുആകൾ അല്ലാഹു സ്വീകരിക്കുകയുണ്ടായി. ഭാവിയെ കുറിച്ചുള്ള സുവാർത്തകളും നൽകി എന്നിട്ടും സുജൂദിൽ പിടഞ്ഞു കൊണ്ട് അസ്വസ്തതയോടെ പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഈ അസ്വസ്തതയുടെ കാരണം ചോദിച്ചപ്പോൾ പറഞ്ഞത് അല്ലാഹു നിരാശ്രയനാണെന്നാണ്. ഒരു ഭാഗത്ത് അവനെ കുറിച്ചുള്ള ഭയം. മറുഭാഗത്ത് അല്ലാഹു തന്നിൽ ഇറക്കിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് കൃതജ്ഞത ഉള്ളവനായി മാറുന്നതിന് വേണ്ടി. എത്രയോ അനുഗ്രഹങ്ങൾ അല്ലാഹു നൽകിയിട്ടുണ്ട്. അതേ പോലെ ഉമ്മത്തിനായി എത്രയോ വാഗ്ദാനങ്ങളും നൽകിയിട്ടുണ്ട്. അതിനാൽ ഇതെല്ലാമോർത്ത് ഞാൻ കൃതജ്ഞത പ്രകടിപ്പിക്കുന്നു എന്നാണ് പറഞ്ഞത്.

തിരുനബി(സ) നമ്മുടെ മുമ്പാകെ സമർപ്പിച്ച മാതൃകയാണിത്. സൃഷ്ടിസേവനത്തെ കുറിച്ച് പറയുകയാണെങ്കിൽ ഭൗതിക താത്പര്യങ്ങളിൽ നിന്നും പൂർണ്ണമായും മുക്തനായിക്കൊണ്ട് യാതൊരു വ്യതിരിക്തതയും കാണിക്കാതെ എല്ലാവർക്കും സേവനം ചെയ്യുന്നു. എല്ലാവരേയും തിരുനബി സാമ്പത്തികമായി സഹായിക്കുന്നു. ഏതു തരം യാചകർ വന്നാലും അവരുടെ ആവശ്യങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നു. ഓരോരുത്തരും തിരുനബിയുടെ കാരുണ്യത്തിൽ നിന്നും ഒരംശം കരസ്ഥമാക്കുന്നു. അദ്ദേഹത്തിന്റെ സ്നേഹത്തിന്റെയും വാത്സല്യത്തിന്റേയും അനുഗ്രഹം ഓരോരുത്തർക്കും ലഭിച്ചു കൊണ്ടിരിക്കുന്നു. തിരുനബി (സ) പറയുന്നു, ഞാൻ ഏതു രീതിയിലാണോ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് ജീവിക്കുന്നത് ആ രീതിയിൽ നിങ്ങളും ജീവിതം നയിക്കുക. ഞാൻ കൃത്ജ്ഞതയുള്ള ദാസനായിരിക്കുന്നതു പോലെ നിങ്ങളും കൃതജ്ഞതയുള്ളവരായിത്തീരുക. ഞാൻ റഹ്മാന്റെ ദാസനായതു പോലെ നിങ്ങളും റഹ്മാന്റെ ദാസരായിത്തീരുക. ഈ മാതൃക പിൻപറ്റിയാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നവരായി നിങ്ങൾ മാറുന്നതാണ്. സൃഷ്ടിസേവനരംഗത്ത് ഞാൻ കാണിച്ച മാതൃകയനുസരിച്ച് നിസ്തുലമായ സേവനം നിങ്ങൾ ദൈവ സൃഷ്ടികൾക്കായി ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ കൃപാവരത്തെ സ്വാംശീകരിക്കുന്നവരായി മാറുന്നതാണ്. ഞാൻ കുറേ നന്മകൾ ചെയ്യുന്നുണ്ടെന്ന് ധരിച്ച് തന്റെ കർമ്മങ്ങളെയും അതേ പോലെ ഞാൻ ശരിക്കും ആരാധിക്കുന്നുണ്ടെന്ന് ധരിച്ച് തന്റെ ആരാധനയിലും മാത്രം ആശ്രയിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ഫള്‌ലിന്റെ അവകാശികളായി മാറില്ല. അതിനാൽ തിരുനബി (സ) യുടെ മാതൃകയനുസരിച്ച് പ്രവർത്തിക്കാനും നമുക്ക് ഒരാത്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു. അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടു കൊണ്ട് അവന്റെ ഫള്‌ലിനായി തേടേണ്ടി വരും. അല്ലാഹു നമ്മിൽ നിന്നും ആഗ്രഹിക്കുന്ന സ്ഥാനം നമ്മുടെ ഏതെങ്കിലും പ്രവർത്തി കരസ്ഥമാക്കുന്നുണ്ടോ എന്നും നാം ചിന്തിക്കണം. അതിനാൽ നാം ഇപ്രകാരം പ്രാർത്ഥിക്കുക. അല്ലാഹു നമ്മുടെ പ്രവർത്തനങ്ങളെ അവന്റെ പ്രീതി കരസ്ഥമാക്കുന്നതാക്കി മാറ്റട്ടെ. അവന്റെ ഫള്ൽ ഒന്നുകൊണ്ട് മാത്രം അവൻ ഇവ സ്വീകരിക്കുകയും ചെയ്യട്ടെ. നമ്മുടെ കർമ്മങ്ങൾ ഭൗതിക കലർന്നതിന്റെ കാരണമായി നമ്മുടെ മുഖത്തേക്ക് തന്നെ വലിച്ചെറിയപ്പെടുന്നതാകാതിരിക്കട്ടെ. നമ്മുടെ ഓരോ പ്രവർത്തിയും തന്നെ അവന്റെ പ്രീതിക്കനുഗുണമാക്കിക്കൊണ്ട് ഈ ലോകത്തും അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നവരായി നാം മാറട്ടെ. വരും ജീവിതത്തിലും അല്ലാഹുവിന്റെ സ്വർഗ്ഗത്തിന് അവകാശികളായി മാറട്ടെ. അല്ലാഹു തന്റെ ഫള്ല് കൊണ്ടൊന്നുമാത്രം നമ്മുടെ ഈ ദുആകൾ സ്വീകരിക്കപ്പെടുമാറാകട്ടെ.

ജുമുഅ നമസ്കാരത്തിനു ശേഷം ചില ജനാസകളും ഞാൻ അനുഷ്ടിക്കുന്നതാണ്. എല്ലാം ഗാഇബായ ജനാസകളാണ്. ഒന്ന് ഒരു ശഹീദിന്റെതാണ്. മറ്റു രണ്ടെണ്ണം വേറെയും. ശഹീദിന്റെ പേര് ഇജാസ് അഹ്മദ് ഗ്യാനി എന്നാണ്. ബശീർ അഹ്മദ് ഗ്യാനി സാഹിബിന്റെ മകനാണ്. ഒറങ്കി ടൗണ് കറാച്ചി നിവാസിയാണ്. സെപതംബർ 18 നാണ് ശഹാദത്ത് നടന്നത്. اِنَّا لِلّٰهِ وَاِنَّآ اِلَيۡهِ رٰجِعُوۡنَ ഒറങ്കി ടൗണിൽ അജ്ഞാതരായവർ വെടിവെച്ച് ശഹീദാക്കുകയാണുണ്ടായത്. ശഹാദത്ത് സംഭവം ഇപ്രകാരമാണ് വിവരിക്കപ്പെടുന്നത്. ഇജാസ് അഹ്മദ് ഗ്യാനി സാഹിബ് രാവിലെ 8:30 ന് ജോലിക്കായി മോട്ടോർ സൈക്കിളിൽ വീട്ടിൽ നിന്നും പുറപ്പെട്ടു. ദൃക്സാക്ഷികൾ പറയുന്നത് ഇപ്രകാരമാണ്. ഹമ്പ് വന്നപോൾ ബൈക്കിന്റെ സ്പീഡ് കുറച്ചു. ഉടനെ രണ്ട് ബൈക്ക് യാത്രികർ അദ്ദേഹത്തിന്റെ അടുത്തു വന്നു. രണ്ടു വെടി വലതു ഭാഗത്തെ വാരിയെല്ലിനു കൊണ്ടു. അതു കാരണം മോട്ടോർ സൈക്കിളിൽ നിന്ന് താഴേക്ക് വീണുപോയി അവിടെ നിന്ന് എഴുന്നേൽക്കാൻ നോക്കിയപ്പോൾ മുമ്പിൽ നിന്നും അക്രമികൾ വെടിയുതിർത്തു. സ്വയം രക്ഷക്കായി വലതു കൈ മുന്നോട്ട് കാണിച്ചപ്പോൾ അക്രമികൾ കൈക്കും വെടിവെച്ചു. തുടർന്ന് നെഞ്ചത്ത് മൂന്ന് വെടിയുതിർത്തു. അദ്ദേഹം വീണപ്പോൾ പിന്നിൽ നിന്ന് തലക്കും വെടിവെച്ചു. ഇതു കാരണം പരുക്കിന്റെ ആഘാതം സഹിക്കാൻ കഴിയാതെ സംഭവസ്ഥലത്ത് വെച്ച് തന്നെ ശഹീദാകുകയുണ്ടായി. اِنَّا لِلّٰهِ وَاِنَّآ اِلَيۡهِ رٰجِعُوۡنَ

കഴിഞ്ഞ മാസം ഓഗസ്റ്റ് 21 ാം തിയ്യതി അദ്ദേഹത്തിന്റെ സഹോദരീ ഭർത്താവ് സഹൂർ അഹ്മദ് ഗ്യാനി സാഹിബിനെയും ഈ പ്രദേശത്ത് ശഹീദാക്കപ്പെട്ടിരുന്നു. ഇജാസ് അഹ്മദ് ഗ്യാനി സാഹിബിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത് അദ്ദേഹത്തിന്റെ പിതാവിന്റെ രണ്ട് പിതൃ സഹോദരന്മാരായ മുഹമ്മദ് യൂസുഫ് ഗ്യാനി, മുഹമ്മദ് സഈദ് ഗ്യാനി എന്നിവർ മുഖേനയാണ്. 1936 ൽ ഇരുവർക്കും ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കാനുള്ള തൗഫീഖ് ലഭിച്ചു. പിതാവിന്റെ രണ്ട് പിതൃ

സഹോദരന്മാരും നല്ല അറിവുള്ളവരായിരുന്നു. ശരിക്കും പഠിച്ചതിനു ശേഷമാണ് ബൈഅത്ത് ചെയ്തത്. പ്രേംകോട്ട് മുസഫറാബാദ് കശ്മീർ ആണ് ഇവരുടെ തറവാട്. ശഹീദ് മർഹൂം 1984 ഡിസംബർ ഒന്നിനാണ് കറാച്ചിയിൽ ജനിച്ചത്. ഇന്റർമീഡിയേറ്റിവരെ കറാച്ചിയിൽ തന്നെയാണ് പഠനം നടത്തിയത്. അഞ്ചു വർഷം മുമ്പ് പാക്കിസ്ഥാനിൽ മിലിട്ടറിയിൽ ഡ്രൈവറായി ജോലി പ്രവേശിച്ചു. ശഹാദത്ത് സമയം അദ്ദേഹത്തിന്റെ വയസ്സ് 29 ആയിരുന്നു. വിവാഹം 2009ൽ സോബിയ സാഹിബയുമായി നടന്നു. റാജാ അബ്ദുറഹിമാൻ സാഹിബ് കോട്ടിലി കശ്മീരിന്റെ മകളാണ്. ശഹീദ് മർഹൂം മുഖ്ലിസും സമാധാന പ്രിയനും മൃതഭാഷിയും നിശബ്ദസേവകനുമായിരുന്നു. ജമാഅത്തിന്റെ സേവനകാര്യത്തിൽ എപ്പോഴും സഹായിച്ചിരുന്നു. ഏതു ഡ്യൂട്ടിക്കായി വിളിച്ചാലും അനുസരിക്കുമായിരുന്നു. ഇദ്ദേഹത്തിന്റെ സഹോദരൻ ഇഅ്ജാസ് അഹ്മദ് ഗ്യാനി പറയുന്നു. ശഹാദത്തിന് ഒരു ദിവസം മുമ്പ് തന്റെ സഹോദരീ ഭർത്താവ് സഹൂർ അഹ്മദ് ഗ്യാനി സാഹിബിനെ കുറിച്ച് പറഞ്ഞു കൊണ്ട് ഇദ്ദേഹത്തിന്റെ കണ്ണ് നിറയുകയുണ്ടായി. സഹൂർ അഹ്മദ് ഗ്യാനി ശഹീദിനെ വളരെയധികം ആദരിച്ചിരുന്നു. സഹോദരന്റെയും പിതാവിന്റെയും സ്ഥാനമാണ് നൽകിയിരുന്നത്. സഹോദരീ ഭർത്താവിന്റെ ശഹാദത്തിന് ശേഷം നിത്യവും അദ്ദേഹത്തിന്റെ വീട്ടിൽ പോയി കുടുംബത്തിന്റെ സുഖവിവരം അന്വേഷിക്കുമായിരുന്നു. ആ ശഹാദത്ത് ഇദ്ദേഹത്തിൽ പ്രഭാവം ചെലുത്തിയിരുന്നു. ശഹീദ് മർഹൂമിന്റെ ഉമ്മ പറയുകയുണ്ടായി. നാല് പെൺകുട്ടികൾക്ക് ശേഷം കുറേ ദുആകൾക്ക് ശേഷമായിരുന്നു ഈ മകനെ അല്ലാഹു നൽകിയിരുന്നത്. കാര്യങ്ങൾ പറയുമ്പോൾ ആലോചിച്ചതിനു ശേഷമാണ് പറയാറുണ്ടായിരുന്നത്. എന്നോട് പ്രത്യേക സ്നേഹമായിരുന്നു. ജോലിക്ക് പോകുമ്പോൾ കൈ തന്ന് ഖുദാ ഹാഫിസ് എന്ന് പറഞ്ഞാണ് പോയിരുന്നത്. എന്റെ മരുന്നുകളെ കുറിച്ച് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സഹോദരിമാരെ മൂത്ത സഹോദരൻ നോക്കുന്നതുപോലെ നോക്കിയിരുന്നു. മൃദുല പ്രകൃതമായിരുന്നു. വീട്ടിൽ വല്ല വസ്തുവും കൊണ്ട് വന്നാൽ അത് എല്ലാവർക്കും നൽകണമെന്നായിരുന്നു ആഗ്രഹം.

ഭാര്യ പറയുന്നു. ശഹീദ് മർഹൂം നല്ല പ്രകൃതക്കാരനായിരുന്നു. ഓരോരുത്തരോടുമുള്ള കടമകൾ നിറവേറ്റി. നല്ല മകനും നല്ല സഹോദരനും നല്ല പിതാവും നല്ല ഭർത്താവുമായിരുന്നു. ഞാൻ വിശമിക്കുമ്പോൾ എന്നെ ആശ്വസിപ്പിക്കുമായിരുന്നു. അല്ലാഹുവിലേക്ക് ശ്രദ്ധിക്കാൻ പറയുമായിരുന്നു. കുട്ടികളോട് വളരെ വാത്സല്യത്തോടെ പെരുമാറിയിരുന്നു. അളിയന്റെ ശഹാദത്ത് നടന്നപ്പോൾ എപ്പോഴും പറയാറുണ്ടായിരുന്നത് അദ്ദേഹത്തിന്റെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ എന്നാണ്.

ശഹീദ് മർഹൂമിന്റെ സന്തപ്ത കുടുംബാംഗങ്ങളിൽ മാതാപിതാക്കൾ കൂടാതെ ഭാര്യയും ദുർറെ അദൻ എന്ന മകനും (നാല് വയസ്സ്) മകൻ ബുർഹാൻ അഹ്മദ് ഒന്നര വയസ്സ് എന്നിവരാണുള്ളത്.

കറാച്ചിയിൽ അവസ്ഥ വളരെ മോശമാണ്. അഹ്മദികളെ മാത്രം ലക്ഷ്യം വെച്ചുകൊണ്ട് കൊല്ലുന്ന ഒരു സംഘം ഉണ്ടെന്നാണ് മനസ്സിലാകുന്നത്. അല്ലാഹു ഇവരെ വേഗം പിടിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുമാറാകട്ടെ. യഥാർത്ഥത്തിൽ മുല്ലാക്കളുടെ പിൻബലത്തിൽ ഭരണാധികാരികളാണ് ഇതെല്ലാം നടത്തുന്നത്. അക്രമികളായ ഈ സംഘത്തെ പിടിക്കാനും അല്ലാഹു വേഗം സാഹചര്യം സൃഷ്ടിക്കട്ടെ. ദുആ കൂടുതലായി ചെയ്യേണ്ട ആവശ്യമാണുള്ളത്. കറാച്ചിയിൽ പ്രത്യേകമായ പരിതസ്ഥിതിയാണ്. പാക്കിസ്ഥാനിൽ പൊതുവിൽ അവസ്ഥ മോശമാണ്. ഇതേ പോലെ ലാഹോറിലും സ്ഥിതി മോശമാണ്. അവിടെ പല അഹ്മദികളെയും തട്ടിക്കൊണ്ട് പോകാൻ ശ്രമിച്ചു. കൊല്ലാൻ ശ്രമിച്ചു. അല്ലാഹു എല്ലാ അഹ്മദികളെയും അവിടെ സുരക്ഷിതരാക്കട്ടെ.

ഇന്ന് നിർവ്വഹിക്കുന്ന രണ്ടാമത്തെ ജനാസ അബ്ദുൽ മുഅ്മിൻ സാഹിബ് ദർവേശിന്റേതാണ്. അല്ലാ ദത്താ സാഹിബിന്റെ മകനാണ്. ഖാദിയാനിലെ ദർവേശാണ്. 2013 സെപ്തംബർ 11 ന് അൽപകാലം രോഗിയായതിനു ശേഷം 97 ാം വയസ്സിൽ വഫാത്താകുകയുണ്ടായി. اِنَّا لِلّٰهِ وَاِنَّاۤ اِلَیۡهِ رٰجِعُوۡنَ 1916 ൽ സിന്ദിലാണ് ജനിച്ചത്. പിന്നീട് ഫൈസലാബാദിലെ ജണ്ടാവാലാ എന്ന സ്ഥലത്തേക്ക് വന്നു. അവിടെയാണ് പഠിച്ചത്. 1945 ൽ ആണെന്നു തോന്നുന്നു മത പഠനത്തിനായി ഖാദിയാനിൽ വന്നു. ആദ്യ വിവാഹം ഇവിടെയാണ് നടന്നത്. എന്നാൽ വിഭജനം കാരണം അത് നില നിന്നില്ല. അതിൽ മക്കളൊന്നും ഉണ്ടായിരുന്നില്ല. രണ്ടാം വിവാഹം ദർവേശ് കാലത്ത് ഒറീസയിലാണ് നടന്നത്. സയ്യിദ് വസീകുദ്ദീൻ സാഹിബ് സഹാബി ഹ: മസീഹ് മൗഊദ്(അ)ന്റെ പേരക്കുട്ടിയും ശൈഖ് മുഹിയുദ്ദീൻ സാഹിബ് മർഹൂമിന്റെ മൂത്തമകളുമായ അമത്തുല്ലാഹ് ഫഹ്മീദാ സാഹിബയുമാണ് നടന്നത്. ഇതിൽ നിന്നും എട്ട് കുട്ടികൾ പിറന്നു. അഞ്ച് ആൺകുട്ടികളും മൂന്ന് പെൺകുട്ടികളും. അഞ്ച് ആൺകുട്ടികളും ജമാഅത്തിന് വേണ്ടി സേവനം ചെയ്യുന്നവരാണ്. തന്റെ ദർവേശ്കാല ജീവിതം സരളവും സഹനവും കൈവരിച്ചു കൊണ്ടാണ് കഴിച്ചുകൂട്ടിയത്. കച്ചവടവും മറ്റു ചില ജോലികളും ചെയ്താണ് ജീവിച്ചത്. സന്ദർശക ഓഫീസിൽ സേവനമനുഷ്ടിച്ചിട്ടുണ്ട്.

അമുസ്ലീംകളെ വളരെ താത്പര്യത്തോടെ തബ്ലീഗ് ചെയ്തിരുന്നു. ഗ്രാമ മുബല്ലിഗ് എന്ന നിലക്കും സേവനമനുഷ്ടിച്ചിട്ടുണ്ട്. അദീബെ ഫാദിൽ എന്ന ഡിഗ്രിയും ഈ വേളയിൽ കരസ്ഥമാക്കി. നോമ്പും നമസ്കാരവും കൃത്യമായി അനുഷ്ടിച്ചിരുന്നു. മുഖ്ലിസായിരുന്നു. ബലഹീനത ഉണ്ടായിട്ടു കൂടി അവസാന നിമിഷം വരെ ജമാഅത്തായ നമസ്കാരം നിന്നുകൊണ്ട് തന്നെയാണ് അനുഷ്ടിച്ചിരുന്നത്. വിശുദ്ധ ഖുർആനോട് വളരെ നല്ല ബന്ധമായിരുന്നു. കൃത്യമായി ഖുർആൻ പാരായണം ചെയ്തിരുന്നു. മൂസിയായിരുന്നു.

ശൈഖ് റഹ്മത്തുല്ലാഹ് സാഹിബിന്റേതാണ് മൂന്നാമത്തെ ജനാസ. സെപ്തംബർ 12 ാം തിയ്യതി 94 ാം വയസ്സിൽ വഫാത്തായി اِنَّا لِلّٰهِ وَاِنَّاۤ اِلَیۡهِ رٰجِعُوۡنَ 1943 ൽ 24 ാം വയസ്സിൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. തുടക്കത്തിൽ ഡൽഹി എംബസിയിൽ ക്ലാർക്കായി ജോലി ചെയ്തു. 1946 ൽ ലാഹോറിലും ഒരു വർഷത്തിനു ശേഷം കറാച്ചിയിലും മാറ്റം കിട്ടി. അവിടെ ചൗധരി ശാനവാസ് സാഹിബിന്റെ അടുത്ത് മരുന്ന് സപ്ലൈ ചെയ്യുന്ന ജോലി ചെയ്തു. മറ്റു സ്ഥലമില്ലാത്തതിനാൽ ഇദ്ദേ

ഹം ഓഫീസിൽ തന്നെ കിടന്നുറങ്ങുമായിരുന്നു. 1950 ൽ ചൗധരി ശാനവാസ് സാഹിബിന്റെ സഹായത്തോടെ സ്വന്തം ബിസിനസ്സ് തുടങ്ങി. അതിൽ അല്ലാഹു നല്ല ബർക്കത്ത് ഇടുകയുണ്ടായി. ഭൗതിക വിദ്യാഭ്യാസം പത്താം ക്ലാസ് വരെയായിരുന്നു. പൊതുവിൽ കണ്ടാൽ ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയെന്നാണ് തോന്നുക. 1950ൽ കറാച്ചിയിലെ നാഇബ് അമീറായി നിയമിക്കപ്പെട്ടു. 1953ലെ കലാപത്തിൽ ഹ: മുസ്‌ലിഹ് മൗഊദ് (റ) ചൗധരി അബ്ദുല്ലാഹ് ഖാൻ സാഹിബിന് പകരം അദ്ദേഹത്തെ താത്കാലികമായി അമീർ ജമാഅത്ത് കറാച്ചിയായി നിയമിക്കപ്പെട്ടു. കാരണം ചൗധരി സാഹിബ് ഗവൺമെന്റ് ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്നും ഇതു കാരണം നീക്കിക്കളയുമോ എന്ന ഭയമുണ്ടായിരുന്നു. പിന്നീട് ചൗധരി സാഹിബിന് സുഖമില്ലാത്തതുകാരണം ഇദ്ദേഹം കറാച്ചിയിലെ അമീറായി ജോലി ചെയ്തു കൊണ്ടിരുന്നു. 1966 വരെ ഈ സ്ഥാനത്തുണ്ടായിരുന്നു. 1953 ൽ കറാച്ചിയുടെ ചരിത്രം രേഖപ്പെടുത്തിയതിൽ ഇപ്രകാരം പരാമർശം കാണാം. 1953 ലെ കലാപത്തിൽ ഹ : മുസ്‌ലിഹ് മൗഊദ് കറാച്ചിയിലും പ്രത്യേകമായി സദർ അഞ്ചുമൻ അഹ്മദിയ്യാ സ്ഥാപിച്ചിരുന്നു. ഇതിന്റെ നാസിർ അഅ്‌ലായായി ഇദ്ദേഹം നിയമിതനായിരുന്നു. ഹ: മുസ്‌ലിഹ് മൗഊദ് (റ) ദീർഘകാലം രോഗിയായിക്കിടന്നപ്പോൾ കാര്യ നിർവ്വാഹക സമിതി രൂപീകരിച്ചിരുന്നു. അതിലെ മെമ്പറും കൂടിയായിരുന്നു ഇദ്ദേഹം. ഖിലാഫത്തിനോട് കൂറുള്ള, നേരെ ചൊവ്വേ കാര്യങ്ങൾ പറയുന്ന, വിശ്വസ്ഥനായ വ്യക്തിയായിരുന്നു. നല്ലപോലെ ദുആ ചെയ്യുകയും സാമ്പത്തിക ത്യാഗത്തിൽ മുൻ നിരയിലുള്ള വ്യക്തിയുമായിരുന്നു. ധർമ്മിഷ്ടനും മുഖ്‌ലിസും ആയിരുന്നു. ഞാൻ ഖലീഫ ആയതിനു ശേഷം എന്നോട് പ്രത്യേകമായ ബന്ധമായിരുന്നു. എന്ത് പ്രയാസമുണ്ടെങ്കിലും അതെല്ലാം പറയുമായിരുന്നു. സുഹൃത്തുക്കൾക്കും ആവശ്യക്കാർക്കും ധനപരമായ സഹായവും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ബന്ധം വളരെ വിശാലമായിരുന്നു. സുഹൃത്ത് ബന്ധം വിവിധ നാടുകളിൽ വ്യാപിച്ചു കിടക്കുകയാണ്. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ തബ്‌ലീഗും ചെയ്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസി ആയിരുന്നു. അദ്ദേഹത്തിന്റെ ഒരു മകൻ നസീം റഹ്മത്തുല്ലാഹ് ദീർഘകാലം സദ്ർ ജമാഅത്തും നാഇബ് അമീർ അമേരിക്കയുമാണ്. ജമാഅത്ത് വെബ് സൈറ്റായ alislam.org ന്റെ ചെയർമാനായി സേവനമനുഷ്ടിച്ചു വരുന്നു. ഇദ്ദേഹത്തിന്റെ രണ്ടാമത്തെ മകൻ ശൈഖ് റഹ്മത്തുല്ലാഹ് സാഹിബ് നാഇബ് അമീർ ഫൈസലാബാദാണ്. പാക്കിസ്ഥാനിലെ സന്അത്തോ തിജാറത്തിന്റെ കേന്ദ്ര മുശാവറത്തീ ബോർഡിന്റെ അംഗവുമാണ്. ഇദ്ദേഹത്തിന്റെ ഒരു മകൾ ജമീല റഹ്മാനി സാഹിബ ഇവിടെ ലജ്നയിൽ സേവനം അനുഷ്ടിച്ചുകൊണ്ടിരുന്നു. ഗുലാം റഹ്മാനീ സെക്രട്ടറി വസായ ഇവിടെ യു.കെ യിൽ ഒരു ദീർഘകാലം ഉണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ ഇളയ മകൾ നൂറത്ത് മലക്ക് സാഹിബ സദ്ർ ലജ്ന കൊളമ്പസ് അമേരിക്കയിൽ സദ്ർ ലജ്ന ഈസ്റ്റ് മിഡ് വെസ്റ്റ് ആണ്.

അല്ലാഹു വഫാത്തായവരുടെ പദവികൾ ഉയർത്തട്ടെ. അവരുടെ സന്തതി കുടുംബാഗങ്ങൾക്ക് ക്ഷമ നൽകുമാറാകട്ടെ. ശഹീദിന്റെ മാതാപിതാക്കൾക്ക് പ്രത്യേകമായി ക്ഷമ നൽകട്ടെ. അവരുടെ യുവാവായ മകനാണ് ശഹീദായത്. അല്ലാഹു അവർക്ക് ക്ഷമയും ധൈര്യവും നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ പിഞ്ചു മക്കളെ അല്ലാഹു സംരക്ഷിക്കട്ടെ. അവന്റെ സംരക്ഷണത്തിൽ വെക്കട്ടെ.

മറ്റൊരു കാര്യം, إِنْ شَاءَ اللَّهُ തആല ഞാൻ കുറച്ച് ആഴ്ച്ചകൾക്കായി പര്യടനത്തിന് പോകുകയാണ്. ഈ പര്യടനം എല്ലാ രീതിയിലും അല്ലാഹു അനുഗ്രഹീതമാക്കുന്നതിനായി പ്രാർത്ഥിക്കാൻ അപേക്ഷ. ഇതിന്റെ ലക്ഷ്യങ്ങൾ അല്ലാഹു തന്റെ ഫള്ലിനാൽ പൂർത്തിയാക്കട്ടെ.


**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 September 20 at : Baithul Futuh, U.K
Translation: M.Nasir Ahmad, Kodiyathur - 09497343704

## PRINTED BOOKS

**To**

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**